# തായ് യൂണിയൻ ഗ്രൂപ്പ്
## ബിസിനസ് നൈതികതയും തൊഴിൽ പെരുമാറ്റച്ചട്ടവും
### ഞങ്ങളുടെ സപ്ലയർമാരുമായി പങ്കാളിത്തത്തിൽ പ്രവർത്തിക്കൽ

**ആമുഖം**

വ്യക്തികളുടെ ആഗോളമായ മനുഷ്യാവകാശങ്ങൾ കണക്കിലെടുത്ത്, തായ് യൂണിയൻ ഫ്രോസൻ പ്രോഡക്റ്റ്സ് പബ്ലിക്ക് കമ്പനി ലിമിറ്റഡും അതിന്റെ സബ്സിഡിയറികളും, ഇനിമേൽ തായ് യൂണിയൻ ഗ്രൂപ്പ് എന്ന് പരാമർശിക്കും, എല്ലാ ജീവനക്കാർക്കും/തൊഴിലാളികൾക്കും സുരക്ഷിതവും ന്യായയുക്തവുമായ പരിഗണന നൽകുന്നതിനായി പരിശ്രമിക്കുന്നു.

ഇത് കൈവരിക്കുന്നതിന്, ഉത്തരവാദിത്തത്തോടെ സോഴ്സ് ചെയ്യാൻ ഞങ്ങളെ സഹായിക്കുന്നതിൽ ഞങ്ങളുടെ സപ്ലയർമാർ നിർണ്ണായകമായ പങ്ക് വഹിക്കുന്നു.
ഇതേ തത്വം ഞങ്ങളും പാലിക്കുന്നു മാത്രമല്ല ഞങ്ങളുടെ കമ്പനി എന്നതുപോലെ തന്നെ സപ്ലയർമാരെയും കണക്കാക്കുന്നു. ഈ പെരുമാറ്റച്ചട്ടം ഇപ്പോഴും ഭാവിയിലും ഞങ്ങൾ എന്താണ് പ്രതീക്ഷിക്കുന്നതെന്നത് സപ്ലയർമാരെ അറിയിക്കുന്നതിനുള്ള ഒരു മാർഗമാണ്.

ഞങ്ങളുടെ പ്രവർത്തനങ്ങളിലുടനീളം ധാർമ്മികതയും അവസര സമത്വവും ആഗോളമായ മനുഷ്യാവകാശങ്ങളും പ്രധാന തൊഴിൽ തത്വങ്ങളും നടപ്പാക്കിക്കൊണ്ട് ബിസിനസ് നിർവഹണത്തിനുള്ള പ്രതിബദ്ധത അടിവരയിടുന്നതാണ് തായ് യൂണിയൻ ഗ്രൂപ്പിന്റെ പെരുമാറ്റച്ചട്ടം. ഉത്തരവാദിത്തപൂർണ്ണമായ സോഴ്സിംഗ് താൽപ്പര്യങ്ങളുടെയും സമീപനത്തിന്റെയും ഒരു ചട്ടക്കൂട് ഈ പെരുമാറ്റച്ചട്ടം നൽകുന്നു. ഞങ്ങളുടെ മൂല്യങ്ങൾ നടപ്പാക്കുകയും പെരുമാറ്റച്ചട്ടം അനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്ന സപ്ലയർമാരോടൊപ്പം മാത്രമേ ഞങ്ങൾ പ്രവർത്തിക്കുകയുള്ളൂ.

സുതാര്യത ഉറപ്പാക്കുന്നതും കുറവുകൾ പരിഹരിക്കുന്നതും ഈ നയത്തിന്റെ അടിസ്ഥാനമായ 'അടിസ്ഥാന തത്വങ്ങൾ'ക്ക് കീഴിൽ തുടർച്ചയായ മെച്ചപ്പെടുത്തൽ നടത്തുന്നതും അവർ ഉറപ്പാക്കുകയും വേണം.

അടിസ്ഥാന തത്വങ്ങൾക്കുള്ള ആവശ്യകതകൾ പെരുമാറ്റച്ചട്ടം വ്യക്തമാക്കുന്നു ഒപ്പം ഓരോ ഘടകത്തിനുമുള്ള ബെഞ്ച്മാർക്കുകൾ നൽകുകയും ചെയ്യുന്നു.

## അടിസ്ഥാന തത്വങ്ങൾ

തായ് യൂണിയൻ ഗ്രൂപ്പിൽ ഉടനീളം സ്ഥായിയായ വളർച്ചയ്ക്കുള്ള ഞങ്ങളുടെ പ്രതിബദ്ധത നടപ്പാക്കുന്നതിന് ഉത്തരവാദിത്തമുള്ള സോഴ്സിംഗിന് വേണ്ടി വ്യവസായത്തിലെ തന്നെ മുൻനിര അളവു കോലുകള് തായ് യൂണിയൻ ഗ്രൂപ്പിൽ ഉടനീളം ഞങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. ബിസിനസിന്റെ ഓരോ ഘടകത്തിലും ഈ മാനകങ്ങൾ ഞങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. തുല്യമായ കരുത്തുള്ള സുസ്ഥിര തത്വങ്ങൾ കൈവരിക്കുന്നതിൽ പങ്കാളിയാകുന്നതിന് സപ്ലയർമാരെ ക്ഷണിക്കാൻ ഞങ്ങൾ താൽപ്പര്യപ്പെടുന്നു. യുഎൻ ഗ്ലോബൽ കോമ്പാക്റ്റ്[1]-ലെ അംഗങ്ങളാണ് ഞങ്ങൾ. അതിനാൽ തന്നെ പത്ത് ആഗോള തത്വങ്ങളുടെ നടപ്പാക്കലിനും വെളിപ്പെടുത്തലിനും പ്രൊമോഷനും പ്രതിബദ്ധതയുണ്ട്.

പെരുമാറ്റച്ചട്ടത്തിന്റെ മൂലാധാരമായ അടിസ്ഥാന തത്വങ്ങൾ അന്തർദ്ദേശീയമായി അംഗീകരിച്ചിട്ടുള്ള നിലവാരങ്ങളിൽ തയ്യാറാക്കുകയും പ്രവർത്തനങ്ങളിൽ ഉടനീളം ഉൾപ്പെടുത്തുകയും ചെയ്യുന്നു.

---

[1] www.unglobalcompact.org

1. നിയമപരമായും സമഗ്രതയോടെയും ബിസിനസ് നിർവഹിക്കൽ.
2. നിയമപരമായ അനുയോജ്യതയിൽ സ്വതന്ത്രമായി സമ്മതിച്ചതും പ്രമാണീകരിച്ചതുമായ തൊഴിൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ജോലി നിർവഹിക്കൽ.
3. തുല്യതയോടെയും ആദരവോടെയും അന്തസോടെയും ജോലിക്കാരെ പരിഗണിക്കൽ.
4. ബലപ്രയോഗമോ നിർബന്ധമോ ഇല്ലാതെ സ്വമേധയായുള്ള തൊഴിൽ നിർവഹണം.
5. എല്ലാ തൊഴിലാളികളും അന്യോജ്യമായ പ്രായമുള്ളവരാണ്.
6. എല്ലാ തൊഴിലാളികൾക്കും ന്യായമായ വേതനം ലഭിക്കുന്നു.
7. എല്ലാ തൊഴിലാളികളുടെയും തൊഴിൽ സമയം യുക്തിസഹമാണ്.
8. തൊഴിലാളി യൂണിയനുകൾ ഉണ്ടാക്കുന്നതിനും അതിൽ ചേരുന്നതിനുമുള്ള അവകാശം വിനിയോഗിക്കുന്നതിനും നിയമം അനുവദിച്ചിട്ടുള്ളതു പോലെ ഒന്നിച്ച് വിലപേശൽ നടത്തുന്നതിനും എല്ലാ ജീവനക്കാർക്കും സ്വാതന്ത്ര്യമുണ്ട്.
9. തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും തൊഴിലിടത്തിൽ പരിരക്ഷിക്കുന്നു.
10. ന്യായമായ നടപടിക്രമങ്ങളിൽ തൊഴിലാളികൾക്ക് അവസരമുണ്ട്.
11. പരിസ്ഥിതി ആഘാതം കുറയ്ക്കുന്നതിനും സ്ഥായിയായ നടപടിയിൽ ഊന്നുന്നതുമായ വിധത്തിൽ ബിസിനസ് നിർവഹിക്കുന്നു.
12. പുരോഗതിയും അനുയോജ്യതയും നിരീക്ഷിക്കുന്നു.

## മാർഗനിർദ്ദേശങ്ങൾ നടപ്പാക്കൽ

സമഗ്രതയിലും മറ്റുള്ളവരെ ആദരിച്ചുകൊണ്ടും ബിസിനസ് നടത്തുന്നതിന് തായ് യൂണിയൻ ഗ്രൂപ്പ് പരിശ്രമിക്കുന്നു. ഞങ്ങളുടെ ആളുകളെയും ബ്രാൻഡുകളെയും പോലെ തന്നെ മൂല്യവത്തായ ഒരു ആസ്തിയാണ് ഞങ്ങളുടെ സൽപ്പേര്. ഞങ്ങളുടെ തൊഴിലാളികളിൽ നിന്നും ഞങ്ങളുമായി ബിസിനസ് ചെയ്യുന്നവരിൽ നിന്നും ഉന്നത നിലവാരത്തിലുള്ള പെരുമാറ്റം ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഒരു സപ്ലയർ ആകുന്നതിലൂടെ, ഞങ്ങളുടെ അടിസ്ഥാന തത്വങ്ങൾ നിങ്ങ പങ്കാളികളാകുമെന്ന്ഓർക്കുക.

### A. തായ് യൂണിയൻ ഗ്രൂപ്പുമായി ബിസിനസ് ചെയ്യുന്നതിനുള്ള നിർബന്ധമായ ആവശ്യകതകൾ

ഈ വിഭാഗത്തിൽ, തായ് യൂണിയൻ ഗ്രൂപ്പുമായി ഒരു ബിസിനസ് ബന്ധം സ്ഥാപിക്കുന്നതിലും നിലനിർത്തുന്നതിലും ഞങ്ങളുടെ സപ്ലയർമാർക്കായുള്ള നിർബന്ധിത ആവശ്യകതകൾ ഞങ്ങൾ വിവരിക്കുന്നു.

തായ് യൂണിയൻ ഗ്രൂപ്പിനൊപ്പം അല്ലെങ്കിൽ ഗ്രൂപ്പിന് വേണ്ടി പ്രവർത്തിക്കുന്ന എല്ലാ സപ്ലയർമാരും അവരുടെ എല്ലാ പ്രവർത്തനങ്ങളും ഈ നിബന്ധിത ആവശ്യകതകൾ അനുസരിച്ചാണെന്നത് സ്ഥിരീകരിക്കുന്നതിന് ഞങ്ങൾ ആവശ്യപ്പെടുന്നു.

1. നിയമപ്രകാരവും സമഗ്രതയോടെയും ബിസിനസ് ത്തൽ.

കൈക്കൂലി

എല്ലാത്തരത്തിലുള്ള കൈക്കൂലിയും അഴിമതിയും അപഹരണവും അല്ലെങ്കിൽ വ്യാജമായ കൈപ്പറ്റലും വിലക്കിയിരിക്കുന്നു. സപ്ലയർ നടത്തുന്ന

എല്ലാ വാണിജ്യ ഇടപാടുകളിലും കൈക്കൂലി തടയുന്നതിന് പര്യാപ്തമായ നടപടിക്രമങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

താൽപ്പര്യ വൈരുദ്ധ്യം

സപ്ലയർക്ക് അറിവുള്ള തായ് യൂണിയൻ ഗ്രൂപ്പിലെ ഏതെങ്കിലും ബിസിനസ് ഇടപാടുകളിലുള്ള എല്ലാ താൽപ്പര്യ വൈരുദ്ധ്യങ്ങളും ഉചിതമായ നടപടി എടുക്കുന്നതിന് ഞങ്ങൾക്ക് അവസരം നൽകുന്നതിന് തായ് യൂണിയൻ ഗ്രൂപ്പിനെ അറിയിക്കുന്നതാണ്. ഒരു രാഷ്ട്രീയ പാർട്ടിയുടെ ഒരു സർക്കാർ ഔദ്യോഗിക പ്രതിനിധിയുടെ അല്ലെങ്കിൽ തായ് യൂണിയൻ ഗ്രൂപ്പ് ജീവനക്കാരന്റെ സപ്ലയറുടെ ബിസിനസിലുള്ള താൽപ്പര്യം തായ് യൂണിയൻ ഗ്രൂപ്പുമായി ബിസിനസ് ബന്ധത്തിൽ ഏർപ്പെടുന്നതിന് മുമ്പായി തായ് യൂണിയൻ ഗ്രൂപ്പിനെ അറിയിക്കുന്നതാണ്.

**സമ്മാനങ്ങൾ, ആതിഥേയത്വം, വിനോദം**

തായ് യൂണിയൻ ഗ്രൂപ്പിമായി ഏർപ്പെടുന്ന ഏതൊരു ബിസിനസും അല്ലെങ്കിൽ ആതിഥേയത്വവും തീർത്തും യുക്തിസഹവും പൂർണ്ണമായും മികച്ച ബിസിനസ് ബന്ധങ്ങൾ പരിപാലിക്കുന്ന ഉദ്ദേശ്യത്തിനുള്ളതും തായ് യൂണിയൻ ഗ്രൂപ്പ് ഭാവി ബിസിനസ് എങ്ങനെ നൽകുമെന്നതിനെ കുറിച്ചുള്ള തായ് യൂണിയൻ ഗ്രൂപ്പിന്റെ തീരുമാനങ്ങളെ ഒരു വിധത്തിലും സ്വാധീനിക്കാത്തതുമായിരിക്കണം. സപ്ലയറുടെ ജീവനക്കാർക്കും തായ് യൂണിയൻ ഗ്രൂപ്പിന്റെ ജീവനക്കാർക്കും ഇടയിൽ സമ്മാനം നൽകുന്നത് ഒഴിവാക്കേണ്ടതാണ്. ഔദ്യോഗികമായി കമ്പനിക്കും കമ്പനിക്കും ഇടയിൽ സമ്മാനം കൈമാറുന്നത് സ്വീകാര്യമാണ്, എന്നാൽ സുതാര്യവും ശരിയായി രേഖപ്പെടുത്തുന്നതുമായിരിക്കണം.

**മൽസരവും എതിരാളിയുടെ വിവരങ്ങളും**

തായ് യൂണിയൻ ഗ്രൂപ്പിന്റെ എതിരാളികളെ കുറിച്ചുള്ള എല്ലാ വിവരങ്ങളും നിയമപ്രകാരം ശേഖരിക്കുന്നതും എല്ലാ പ്രസക്തമായ ആന്റി-ട്രസ്റ്റും മറ്റ് നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് നിയമപ്രകാരമുള്ള ഉദ്ദേശ്യങ്ങൾക്കായി മാത്രം ഉപയോഗിക്കുന്നതുമായിരിക്കും. രഹസ്യാത്മകമായതും പൊതുവേദിയിൽ

ലഭ്യമല്ലാത്തതുമായ തായ് യൂണിയൻ ഗ്രൂപ്പിന്റെ എതിരാളികളെ സംബന്ധിച്ച ഏതെങ്കിലും വിവരങ്ങൾ തായ് യൂണിയൻ ഗ്രൂപ്പിന് കൈമാറുന്നതിന് ഒരു സന്ദർഭത്തിലും ഒരു ശ്രമവും നടത്തുന്നതല്ല.

**സാമ്പത്തിക രേഖകൾ, കള്ളപ്പണം വെളുപ്പിക്കൽ, ആഭ്യന്തരമായ ട്രേഡിംഗ്**

എല്ലാ ബിസിനസ്, കൊമേഴ്സ്യൽ ഇടപാടുകളും സുതാര്യമായി നിർവഹിക്കുകയും സപ്ലയറുടെ ബുക്കുകളിലും റെക്കോർഡുകളിലും കൃത്യമായി രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്. കള്ളപ്പണം വെളുപ്പിക്കലിനുള്ള മനഃപൂർവം ഏർപ്പെടുകയോ അതിനുള്ള ശ്രമമോ ഉണ്ടാകില്ല. തായ് യൂണിയൻ ഗ്രൂപ്പ് സംബന്ധിച്ച് സപ്ലയറുടെ കൈവശമുള്ള രഹസ്യാത്മക വിവരങ്ങൾ ഗ്രൂപ്പ് ആഭ്യന്തരമായ ട്രേഡിംഗിൽ ഏർപ്പെടുന്നതിനോ പിന്തുണയ്ക്കുന്നതിനോ ഉപയോഗിക്കുന്നതല്ല.

**വിവരങ്ങളും വസ്തുവകയും സംരക്ഷിക്കൽ**

തായ് യൂണിയൻ ഗ്രൂപ്പിന്റെ രഹസ്യാത്മക വിവരങ്ങളും അറിവും ബൗദ്ധിക സ്വത്തും കണക്കിലെടുക്കുകയും സുരക്ഷിതമാക്കുകയും ചെയ്യുന്നതാണ്. തായ് യൂണിയൻ ഗ്രൂപ്പ് നൽകുന്ന എല്ലാ വിവരങ്ങളും ആവശ്യമായ നിയുക്ത ഉദ്ദേശ്യത്തിനായി മാത്രം ഉപയോഗിക്കുന്നതാണ്. തായ് യൂണിയൻ ഗ്രൂപ്പിന്റെ കൺസ്യൂമർമാരും അല്ലെങ്കിൽ ജീവനക്കാരും പോലുള്ള വ്യക്തികളെ കുറിച്ചുള്ള എല്ലാ വ്യക്തിഗത വിവരങ്ങളും അവയുടെ സ്വകാര്യതയുടെ പരിരക്ഷണവും അനുയോജ്യമായ എല്ലാ സ്വകാര്യതാ നിയമങ്ങളും ചട്ടങ്ങളും കണക്കിലെടുത്തുകൊണ്ട് കൈകാര്യം ചെയ്യുന്നതാണ്.

**ഉൽപ്പന്ന ഗുണമേന്മയും ഉത്തരവാദിത്തപൂർണ്ണമായ നവീകരിക്കലും**

ഉൽപ്പന്നങ്ങളും സേവനങ്ങളും അനുയോജ്യമായ കരാർ രേഖകളിൽ വ്യക്തമാക്കിയ നിർദിഷ്ടതകളും ഗുണമേന്മയും സുരക്ഷാ മാനദണ്ഡവും നിറവേറ്റുന്നതും വിതരണം ചെയ്യുന്നതും അവയുടെ നിർദിഷ്ട ഉപയോഗത്തിനായി സുരക്ഷിതവുമായിരിക്കും. ഗവേഷണവും വികസനവും ഉത്തരവാദിത്തത്തോടെ നടത്തുന്നതും മികച്ച ക്ലിനിക്കൽ

ശീലം അടിസ്ഥാനമാക്കിയുള്ളതുമായിക്കും, മാത്രമല്ല പൊതുവേ ശാസ്ത്ര, സാങ്കേതിക, നൈതിക തത്വങ്ങൾ അംഗീകരിക്കുകയും ചെയ്യുന്നു.

**നിയമങ്ങളുടെ അനുയോജ്യത**

സപ്ലയർ പ്രവർത്തിക്കുന്ന രാജ്യങ്ങളിലെ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും അനുസരിക്കുന്നതാണ്. അന്താരാഷ്ട്ര വ്യാപാരം (ഉപരോധങ്ങൾ, കയറ്റുമതി നിയന്ത്രണങ്ങൾ, റിപ്പോർട്ടിംഗ് കടമകൾ എന്നിവയുമായി ബന്ധപ്പെട്ടവ പോലുള്ളത്), ഡാറ്റ പരിരക്ഷണം, ആന്റി-ട്രസ്റ്റ്/കോമ്പറ്റീഷൻ നിയമങ്ങൾ എന്നിവയുമായി ബന്ധപ്പെട്ടവ ഉൾപ്പെടെ ബാധകമായ മറ്റെല്ലാ അന്താരാഷ്ട്ര നിയമങ്ങളും നിയന്ത്രണങ്ങളും അനുസരിക്കുന്നതുമാണ്.

ആശങ്കകൾ റിപ്പോർട്ടുചെയ്യലും പ്രതികാര വിരുദ്ധതയും

ഈ ആവശ്യകതകൾ സംബന്ധിച്ച ഏതൊരു ആശങ്കയും ജീവനക്കാർക്ക് ഉന്നയിക്കാവുന്നതാണ്. ഒരു പ്രശ്നത്തെ കുറിച്ച് സംസാരിക്കുന്ന എല്ലാ ജീവനക്കാരെയും പ്രതികാര പ്രവർത്തിയിൽ നിന്നും സംരക്ഷിക്കുന്നതുമാണ്.

1.1 കൈക്കൂലി, സമ്മാനങ്ങൾ, അതിഥിസൽക്കാരം എന്നിവയ്ക്ക് എതിരായ ബിസിനസ് സമഗ്രതാ പ്രതീക്ഷകൾ വിവരിക്കുന്ന വ്യക്തവും ഫലപ്രദവുമായ മാർഗനിർദ്ദേശങ്ങളും നയങ്ങളും നടപ്പാക്കിയിട്ടുണ്ട്. അവ മൽസര നിയമങ്ങളും താൽപ്പര്യ വൈരുദ്ധ്യങ്ങളും അനുസരിക്കുന്നതാണ്.

1.2 അനുയോജ്യതാ പ്രശ്നങ്ങൾക്കായുള്ള പരിശീലനവും റിസ്ക് നിർണ്ണയ മെക്കാനിസവും നടപ്പാക്കിയിട്ടുണ്ട്. അനുയോജ്യതയില്ലായ്മ ഉപരോധത്തിനും പരിഹാര നടപടിക്രമങ്ങൾക്കും വിധേയമാണ്.

1.3 പര്യാപ്തമായ സാമ്പത്തിക ഇടപാട് നയങ്ങളും നടപടിക്രമങ്ങളും എല്ലാ സാമ്പത്തിക ഇടപാടുകളുടെയും ശരിയായ രേഖപ്പെടുത്തൽ ഉറപ്പാക്കുന്നതിനും സാധ്യതയുള്ള കള്ളപ്പണം വെളുപ്പിക്കൽ തിരിച്ചറിയുന്നതിനും പരിപാലിക്കുന്നതാണ്. വെളിപ്പെടുത്താത്തതോ രേഖപ്പെടുത്താത്തതോ ആയ അക്കൗണ്ടോ ഫണ്ടോ സമ്പാദ്യമോ ഉണ്ടാക്കുകയോ പരിപാലിക്കപ്പെടുകയോ ചെയ്യില്ല. '

1.4 ബിസിനസുമായോ ഉൽപ്പന്ന അനുബന്ധമായോ ഉള്ള എല്ലാ രഹസ്യാത്മക വിവരങ്ങളും ആവശ്യമുള്ളപ്പോൾ അറിയുക എന്ന അടിസ്ഥാനത്തിൽ മാത്രം പരിമിത പ്രവേശന അവകാശങ്ങളോടെ സുരക്ഷിതമായി സൂക്ഷിക്കുന്നത് ഉറപ്പാക്കുന്നതിന് പര്യാപ്തമായ നടപടിക്രമങ്ങളും സംവിധാനങ്ങളും നടപ്പാക്കിയിട്ടുണ്ട്.

1.5 സപ്ലയറിൽ നിന്നോ സപ്ലേ ചെയിനിൽ നിന്നോ ഉണ്ടാകുന്ന ഏതൊരു ഉൽപ്പന്ന ഗുണമേന്മയും അല്ലെങ്കിൽ സുരക്ഷാ ആശങ്കകളും ഉടനടി തായ് യൂണിയൻ ഗ്രൂപ്പിനെ അറിയിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള പര്യാപ്തമായ നടപടിക്രമങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1.6 സപ്ലയർമാരും അതിന്റെ ജീവനക്കാരും ബാധകമായ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും അനുസരിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള പര്യാപ്തമായ നടപടിക്രമങ്ങൾ നടപ്പാക്കിയിട്ടുണ്ട്.

1.7 പ്രതികാര ഭയമില്ലാതെ ആശങ്കകൾ ഉന്നയിക്കാനാകുന്ന ഒരു ചാനൽ ജീവനക്കാർക്കുണ്ട്.

**2. നിയമപരമായ അനുയോജ്യതയോടെ സ്വതന്ത്രമായി സമ്മതിക്കുകയും പ്രമാണീകരിക്കുകയും ചെയ്ത തൊഴിൽ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തൊഴിൽ നിർവഹിക്കുന്നതാണ്.**

തൊഴിൽ കരാറും പ്രാദേശിക, ദേശീയ തൊഴിൽ - സാമൂഹ്യ സുരക്ഷാ നിയമങ്ങളും നിയന്ത്രണങ്ങളും ബാധകമായ ഒന്നിച്ചുള്ള ഉടമ്പടികളും അനുസരിച്ച് സ്ഥിരവും താൽക്കാലികവുമായ ജീവനക്കാരും ഔട്ട്സോഴ്സ് തൊഴിലാളികളും നയങ്ങൾ അംഗീകരിക്കുകയും അനുസരിക്കുകയും അവകാശങ്ങൾ സുരക്ഷിതമാക്കുകയും ചെയ്യും.

2.1 പ്രവർത്തിസമയം, ഓവർടൈം, വേതനം, ആനുകൂല്യങ്ങളോടെയുള്ള അവധി, അച്ചടക്ക - ആവലാതി സംവിധാനങ്ങൾങ്ങൾ എന്നിവ പോലുള്ള തൊഴിലുടമ/തൊഴിലാളി ബന്ധം സംബന്ധിച്ച സുപ്രധാന ഘടകങ്ങൾ (i) രണ്ട് കക്ഷികളും സ്വതന്ത്രമായി അംഗീകരിക്കുന്നു (ii) രേഖാമൂലം പ്രമാണീകരിക്കുന്നു (iii) തൊഴിലുടമയും തൊഴിലാളിയും ഒപ്പിട്ടിരിക്കുന്നു.

2.2 വ്യവസ്ഥകളും നിബന്ധനകളും തൊഴിലാളി വ്യക്തമായി മനസ്സിലാക്കുകയും ആവശ്യമെങ്കിൽ അവന് അവൾക്ക് മനസ്സിലാകുന്ന ഭാഷയിൽ വാക്കാൽ വിശദീകരിക്കുകയും ചെയ്യുന്നു.

2.3 മാറ്റങ്ങൾ തൊഴിലുടമയും തൊഴിലാളിയും രേഖാമൂലം സമ്മതിക്കുകയും ചെയ്യുന്നു.

**3. എല്ലാ തൊഴിലാളികളെയും തുല്യമായും ആദരവോടെയും അന്തസോടെയും പരിഗണിക്കുകയും ചെയ്യുന്നു**

ബഹുമാനത്തോടെയും അന്തസോടെയും എല്ലാ ജീവനക്കാരെയും പരിഗണിക്കുന്നതാണ്. ശരീരികമോ ലൈംഗികമോ മാനസികമോ/വാക്കാലുള്ളതോ ആയ അവഹേളനത്തിനോ അധിക്ഷേപത്തിനോ മറ്റ് രൂപത്തിലുള്ള ഭീഷണിപ്പെടുത്തലിനോ ഒരു തൊഴിലാളിയും വിധേയമാകുന്നതല്ല. നിയമനം, നഷ്ടപരിഹാരം, സ്ഥാനക്കയറ്റം, അച്ചടക്കനടപടി/ പിരിച്ചുവിടൽ, അല്ലെങ്കിൽ വിരമിക്കൽ എന്നിവയിൽ ഉൾപ്പെടെ തൊഴിലിൽ ഒരു തരത്തിലുള്ള വിവേചനവും ഉണ്ടായിരിക്കുന്നതല്ല. ജാതി, ദേശീയത, വംശം, മതം, പ്രായം, വൈകല്യം, ലിംഗഭേദം, വൈവാഹിക നില, ലൈംഗിക ആഭിമുഖ്യം, യൂണിയൻ അംഗത്വം/ രാഷ്ട്രീയ ബന്ധം, ആരോഗ്യപരമായ ദൗർബല്യം, അല്ലെങ്കിൽ ഗർഭാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിലുള്ള വിവേചനം തടയുന്നതാണ്. പ്രത്യേകിച്ച്, വിവേചനത്തിന് എളുപ്പം വിധേയമാകാവുന്ന തൊഴിലാളികളുടെ അവകാശങ്ങളിൽ സവിശേഷ ശ്രദ്ധ നൽകുന്നതാണ്.

3.1 ജാതി, ദേശീയത, വംശം, മതം, പ്രായം, വൈകല്യം, ലിംഗഭേദം, വൈവാഹിക നില, ലൈംഗിക ആഭിമുഖ്യം, യൂണിയൻ അംഗത്വം/ രാഷ്ട്രീയ ബന്ധം, ആരോഗ്യപരമായ ദൗർബല്യം, അല്ലെങ്കിൽ ഗർഭാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിലുള്ള ഏതെങ്കിലും രൂപത്തിലുള്ള വിവേചനം വിലക്കുന്ന നയങ്ങളും ജീവനക്കാരുടെ അവകാശങ്ങളെ ബോധ്യപ്പെടുത്തുന്ന നടപടിക്രമങ്ങളും നടപ്പാക്കിയിട്ടുണ്ട്.

3.2 ഗർഭാവസ്ഥ പരിശോധനയും വിവേചനത്തിന് ഇടയാക്കാവുന്ന മറ്റ് രൂപത്തിലുള്ള ആരോഗ്യ സ്ക്രീനിംഗും സഹനീയമല്ല.

4. **ബലാൽക്കാരത്തോടെയോ നിർബന്ധമോ അല്ലാതെ സ്വമേധയാ അടിസ്ഥാനത്തിൽ തൊഴിൽ നിർവഹിക്കുന്നു.**

കൂലിത്തൊഴിലോ കരാർ തൊഴിലോ മറ്റ് രൂപത്തിലുള്ളതോ ആയ നിർബന്ധിത തൊഴിൽ സ്വീകാര്യമല്ല. മാനസികവും ശാരീരികവുമായ ബലപ്രയോഗം, അടിമത്തം, മനുഷ്യക്കടത്ത് എന്നിവ നിരോധിച്ചിരിക്കുന്നു.

4.1 ജീവനക്കാർ സ്വതന്ത്രമായി ജോലിയിൽ പ്രവേശിക്കുന്നതും സ്വമനസാലെ ജോലി വിട്ട് പോകുന്നത് തടയാതിരിക്കുന്നതും ഉറപ്പാക്കുന്നതിനുള്ള നിയമന നയങ്ങളും നടപടിക്രമങ്ങളും പരിശീലനം ലഭിച്ച സ്റ്റാഫുമുണ്ട്.

4.2 തൊഴിലാളികൾക്ക് സ്ഥാനമാറ്റത്തിനുള്ള സ്വാതന്ത്ര്യമുണ്ട്, സപ്ലയറുടെ സ്ഥലങ്ങളിൽ തന്നെ അടച്ചിടുന്നില്ല.

4.3 തൊഴിലാളികൾ അവരുടെ തിരിച്ചറിയൽ പേപ്പറുകൾ സമർപ്പിക്കേണ്ട ആവശ്യമില്ല. തിരിച്ചറിയൽ പേപ്പറുകൾ നിയമപരമായി നിലനിർത്തേണ്ടിടത്ത്, തൊഴിലാളികൾക്ക് അവരുടെ തിരിച്ചറിയൽ പേപ്പറുകൾ ഉപയോഗിക്കാനാകുമെന്നത്ഉറപ്പാക്കാനുള്ള ക്രമീകരണങ്ങൾ നടത്തുന്നതാണ്, മാത്രമല്ല തൊഴിൽ സ്ഥലം വിടുന്നതിനെ തടയുകയുമില്ല. തൊഴിൽ കാലാവധി കഴിഞ്ഞാൽ ഉടനടി പേപ്പറുകൾ തിരികെ നൽകുന്നതാണ്.

4.4 കരാറുകൾ തൊഴിലാളിക്ക് മനസ്സിലാകുന്ന ഭാഷയിലായിരിക്കുന്നത് ഉറപ്പാക്കുന്നതാണ്.

**5. എല്ലാ തൊഴിലാളികൾക്കും ഉചിതമായ പ്രായമുണ്ട്**

15 വയസിൽ താഴെയുള്ള അല്ലെങ്കിൽ തൊഴിൽ നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള കുറഞ്ഞ പ്രായത്തിൽ താഴെയുള്ള ബാല വേല അനുവദിക്കുന്നതല്ല. എല്ലാത്തരം പ്രവർത്തനങ്ങളും സപ്ലയറുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ കീഴിലായിരിക്കും നടത്തുക. 18 വയസിൽ താഴെയുള്ള തൊഴിലാളികൾ അപകടകരമായ തൊഴിലിടങ്ങളിൽ പ്രവർത്തിക്കുന്നില്ലെന്ന് സപ്ലയർമാർ ഉറപ്പാക്കുന്നതാണ്, പ്രവർത്തി സമയം ദിവസം 8 മണിക്കൂറിൽ കൂടാൻ പാടില്ല, രാത്രി ഷിഫ്റ്റിൽ (10.00 pm -6.00 am) ജോലി ചെയ്യാനും പാടില്ല.

5.1 തൊഴിലിന്റെ മിനിമം പ്രായം വ്യക്തമാക്കുന്ന ഒരു തൊഴിൽ നയം നടപ്പാക്കിയിട്ടുണ്ട്. പ്രായ പരിശോധന (ഒരു തിരിച്ചറിയൽ കാർഡ് അല്ലെങ്കിൽ

സർക്കാർ നൽകുന്ന പാസ്പോർട്ട് പോലുള്ളത്) ഉൾപ്പെടെ ഈ നയം നടപ്പാക്കുന്നതിനുള്ള ഫലപ്രദമായ നടപടിക്രമങ്ങളുമുണ്ട്.

5.2 എല്ലാ സാഹചര്യങ്ങളിലും ചെറുപ്പക്കാരായ തൊഴിലാളികളുടെ ആരോഗ്യവും സുരക്ഷയും പരിഗണിക്കുന്നതാണ്. അപായകരം അല്ലെങ്കിൽ രാത്രി ജോലി പോലുള്ള നിർദിഷ്ട തരം ജോലിയിൽ ഈ പരിരക്ഷ അവരെ ഒഴിവാക്കുന്നു മാത്രമല്ല അധിക ശ്രദ്ധയും പ്രതിബദ്ധതയും ആവശ്യവുമാണ്.

**6. എല്ലാ ജോലിക്കാർക്കും ന്യായമായ വേതനം നൽകൽ**

നിയമപരമായി ഒന്നിച്ചുള്ള ഉടമ്പടികൾ വഴി സ്ഥാപിതമാകുന്ന രാജ്യത്തെ മിനിമം നിയമ സ്റ്റാൻഡേർഡുകളും നഷ്ടപരിഹാര വ്യവസ്ഥകളും നിറവേറ്റുന്നതോ കവിയുന്നതോ ആയ വേതനം, ഓവർടൈം വേതനം, ആനുകൂല്യങ്ങൾ, വേതനത്തോടെയുള്ള അവധി ഉൾപ്പെടെ മൊത്തത്തിലുള്ള നഷ്ടപരിഹാര പാക്കേജ് തൊഴിലാളികൾക്ക് നൽകുമെന്നത് നടപ്പാക്കുകയും അനുസരിക്കുകയും ചെയ്യുന്നതാണ്.

6.1 വേതനങ്ങൾ, ആനുകൂല്യങ്ങൾ, ഇൻസെന്റീവുകൾ/ബോണസുകൾ, ഏതെങ്കിലും കിഴിക്കലുകൾ എന്നിവയുടെ കൃത്യമായ തുക ഉൾപ്പെടെ നഷ്ടപരിഹാരത്തിന്റെ ഘടകങ്ങൾ വ്യക്തമായി സൂചിപ്പിക്കുന്ന സ്ലിപ്പ് ഓരോ വേതന കാലയളവിലും തൊഴിലാളികൾക്ക് ലഭിക്കും. ഓരോ തൊഴിലാളിക്കും മനസ്സിലാകുന്ന ഭാഷയിൽ (ഭാഷകളിൽ) വേതന സ്ലിപ്പ് നൽകുന്നതാണ്.

6.2 വേതനങ്ങൾ സമയത്തും പൂർണ്ണമായും നൽകുന്നതാണ്.

6.3 കുറഞ്ഞത് മിനിമം നിയമ സ്റ്റാൻഡേർഡുകൾ അല്ലെങ്കിൽ ഉചിതമായ നടപ്പിലിരിക്കുന്ന വ്യവസായ സ്റ്റാൻഡേർഡുകൾ അനുസരിച്ച് എല്ലാ ജോലിക്കും നഷ്ടപരിഹരം നൽകുന്നതാണ്.

6.4 നിയമപരമായി ഒന്നിച്ചുള്ള ഉടമ്പടികൾ വഴി സ്ഥാപിതമാകുന്ന രാജ്യത്തെ മിനിമം നിയമ സ്റ്റാൻഡേർഡുകളും നഷ്ടപരിഹാര വ്യവസ്ഥകളും നിറവേറ്റുന്നതാണ്.

6.5 നികുതികൾ അല്ലെങ്കിൽ സോഷ്യൽ ഇൻഷുറൻസ് പോലുള്ള നിയമപരമായി നിർബന്ധമായ കിഴിക്കലുകൾ നിയമപരമായി സൂചിപ്പിച്ചിട്ടുള്ള അക്കൗണ്ടുകളിൽ അല്ലെങ്കിൽ ഏജൻസികളിൽ നിയമം ആവശ്യപ്പെടുന്നത് പോലെ ഓരോ വേതന കാലയളവിലും നിക്ഷേപിക്കുന്നതാണ്.

6.6 നിയമപരമായി നിർബന്ധിത കിഴിക്കലുകളല്ലാതെ, വേതനത്തിൽ നിന്നുള്ള മറ്റെല്ലാ കിഴിക്കലുകളും തൊഴിലാളികളുടെ പ്രകടമായ, രേഖാമൂലമുള്ള സമ്മതത്തോടെ മാത്രം നടത്തുന്നതാണ്.

**7. എല്ലാ ജോലിക്കാർക്കും യുക്തിസഹമായ തൊഴിൽ സമയം**

തൊഴിലാളികൾ ജോലിചെയ്യുന്ന രാജ്യത്തെ തൊഴിൽ നിയമം അനുവദിക്കുന്ന സാധാരണ, ഓവർടൈം മണിക്കൂറിലും കൂടുതൽ സമയം തൊഴിലാളികൾ ജോലി ചെയ്യേണ്ടതില്ല. തൊഴിലാളികളുടെ മുഴുവൻ ഓവർടൈം ജോലിയും സ്വമേധയായുള്ള അടിസ്ഥാനത്തിലാണ്.

7.1 സാധാരണ, ഓവർടൈം ജോലി സംബന്ധിച്ച് വ്യക്തമായ നയങ്ങൾ നടപ്പാക്കിയിട്ടുണ്ട്. ഓവർടൈം തീരുമാനിക്കുന്നതിലും തൊഴിലാളിയുടെ സമ്മതം നേടുന്നതിലും നിർവചിച്ചിട്ടുള്ള നടപടിക്രമങ്ങളുണ്ട്.

7.2 ഓരോ ഏഴ് ദിവസ കാലയളവിലും കുറഞ്ഞത് തുടർച്ചയായ 24 മണിക്കൂറത്തെ വിശ്രമത്തിനുള്ള അവകാശം തൊഴിലാളികൾക്കുണ്ട്. ഉൽപ്പാദനത്തിന്റെയോ സേവനത്തിന്റെയോ സഹജമായ ആവശ്യം കാരണം ഒരു വിശ്രമ ദിവസം തൊഴിലാളികൾ ജോലി ചെയ്യേണ്ടതുണ്ടെങ്കിൽ, തൊഴിലാളികൾക്ക് അതേത്തുടർന്ന് ഉടൻ തന്നെ പരിഹാര വിശ്രമ കാലയളവ് ലഭിച്ചിരിക്കണം.

7.3 തൊഴിൽ കരാർ കരാർപരമായ ഓവർടൈം അനുവദിക്കുകയാണെങ്കിൽ, തൊഴിലാളികൾ അത് പ്രകടമായി സമ്മതിക്കേണ്ടതുണ്ട്. തൊഴിലാളികളുടെ മുഴുവൻ ഓവർടൈം വർക്കും സ്വമേധയാ അടിസ്ഥാനത്തിലാണ്.

7.4 മുഴുവൻ ഓവർടൈം വർക്കിനും കുറഞ്ഞത് നിയമം നിർവചിച്ചിട്ടുള്ള നിരക്കിൽ പ്രതിഫലം നൽകുന്നതാണ്.

**8. എല്ലാ ജീവനക്കാർക്കും നിയമം അനുവദിച്ചിട്ടുള്ളത് പോലെ ട്രേഡ് യൂണിയൻ ഉണ്ടാക്കാനും ഒപ്പം/അല്ലെങ്കിൽ അതിൽ ചേരാനുമുള്ള അവകാശമുണ്ട്.**

സംഘടിക്കുന്നതിനും ഒന്നിച്ചുള്ള വിലപേശലിനും തൊഴിലാളികൾക്കുള്ള അവകാശങ്ങളെ ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നതാണ്. ഏതെങ്കിലും സംഘടനയിൽ ചേരുന്നതിനുള്ള അവകാശം വിനിയോഗിക്കുന്നതിൽ തൊഴിലാളികൾക്ക് ഭീഷണിയോ അവഹേളനമോ ഉണ്ടാകുന്നതല്ല.

8.1 സ്വതന്ത്രമായി ഒത്തുചേരുന്നതിനുള്ള ഓരോ തൊഴിലാളിയുടെയും അവകാശത്തെ മാനിക്കുന്നതിന് മാനേജർമാർക്കും സൂപ്പർവൈസർമാർക്കും ഗാർഡുമാർക്കും ആവശ്യമായ പരിശീലനം നൽകുന്നു.

8.2 തൊഴിലാളികൾ അവരുടെ അവകാശങ്ങൾ അറിയുകയും മനസ്സിലാക്കുകയും ആത്മവിശ്വാസത്തോടെ വിനിയോഗിക്കുകയും ചെയ്യുന്നു. മറ്റ് തൊഴിലാളികളോ മാനേജരോ അവകാശം ആസ്വദിക്കുന്നതിൽ തടസമുണ്ടാക്കില്ല.

**9. ജോലിസ്ഥലത്ത് തൊഴിലാളിയുടെ ആരോഗ്യവും സുരക്ഷയും പരിരക്ഷിക്കുന്നു**

ജോലിയിൽ അല്ലെങ്കിൽ തൊഴിലാളിയുടെ പ്രവർത്തന ഫലമായി ഉണ്ടാകുന്ന അപകടങ്ങളും പരിക്കും തടയുന്നതിന് ആരോഗ്യകരമായ, സുരക്ഷിതവുമായ തൊഴിൽ സ്ഥലം നൽകുന്നതാണ്.

ഗർഭാവസ്ഥ കമ്പനിയെ അറിയിച്ചിട്ടുള്ള ഗർഭിണിയായ ജീവനക്കാർ അപകടകരമായ തൊഴിൽ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്നില്ലെന്ന് സപ്ലയർമാർ ഉറപ്പാക്കേണ്ടതാണ്. ഗർഭിണിയായ ജീവനക്കാർ 8 മണിക്കൂറിൽ കൂടുതൽ

ജോലി ചെയ്യരുത്, രാത്രി ഷിഫ്റ്റിലും (10.00 pm - 06.00 am) ജോലി ചെയ്യരുത്. ഗർഭാവസ്ഥയുടെ ഫലമായി ആനുകൂല്യങ്ങൾ നിഷേധിക്കുകയോ കുറയ്ക്കുകയോ തരം താഴ്ത്തുകയോ ചെയ്യാൻ പാടുള്ളതല്ല.

9.1 ജീവനക്കാർക്കും സൈറ്റിൽ സന്നിഹിതരായ മറ്റുള്ളവർക്കും പരിസ്ഥിതിക്കും അപകടമുണ്ടാക്കുന്ന അപായങ്ങൾ സപ്ലയർമാർ തിരിച്ചറിയുകയും നീക്കുകയും നിയന്ത്രിക്കുകയും ചെയ്യേണ്ടതാണ്.

9.2 തൊഴിൽപരമായ ആരോഗ്യത്തിനും സുരക്ഷയ്ക്കുമുള്ള വ്യക്തവും ഫലപ്രദവുമായ നയങ്ങളും നടപടിക്രമങ്ങളും നടപ്പാക്കുകയും ആനുകാലികമായി അപ്ഡേറ്റ് ചെയ്യുകയും ചെയ്യുന്നതാണ്.

9.3 തൊഴിൽപരമായ ആരോഗ്യത്തിനും സുരക്ഷയ്ക്കുമുള്ള നയങ്ങളും നടപടിക്രമങ്ങളും വിപുലമായി ആശയവിനിമയം നടത്തുന്നതാണ്.

9.4 ബിസിനസ് സ്ഥലങ്ങളിൽ പ്രവേശിക്കുന്ന എല്ലാ തൊഴിലാളികളെയും മറ്റ് ആളുകളെയും ജോലിസ്ഥലത്ത് പതിയിരിക്കുന്ന അപകടങ്ങളെ കുറിച്ച് ശരിയായ വിധം അറിയിക്കുന്നതാണ് മാത്രമല്ല അത്തരം അപകടങ്ങൾ ഒഴിവാക്കുന്നതിന് ആവശ്യമായ അറിവും വക്തിഗത പരിരക്ഷാ ഉപകരണവും നൽകുന്നതുമാണ്.

9.5 തൊഴിൽ സ്ഥലങ്ങളിൽ പ്രവേശിക്കുന്ന അല്ലെങ്കിൽ ഉൽപ്പന്നങ്ങളുമായി ഇടപെടുന്ന എല്ലാ ഉദ്യോഗസ്ഥരെയും ഒരു ആരോഗ്യ, സുരക്ഷാ അപകടം ഉണ്ടാകുന്ന സന്ദർഭത്തിൽ എടുക്കേണ്ട ഉചിതമായ നടപടികളെ കുറിച്ച് യഥാവിധി അറിയിക്കുന്നതാണ്.

9.6 ഉചിതമായ വ്യക്തിഗത പരിരക്ഷണ ഉപകരണം തൊഴിലാളിയുടെ ചെലവിൽ എല്ലാ ഉദ്യോഗസ്ഥർക്കും വിതരണം ചെയ്യുന്നതാണ്.

9.7 ജീവനക്കാർക്ക് അവരുടെ ജോലി സുരക്ഷിതമായി നിർവഹിക്കുന്നതിന് ആവശ്യമായ പരിശീലനം ലഭിക്കുന്നു.

9.8 ആവശ്യമായിടത്ത് സുരക്ഷിതവും ആരോഗ്യകരവുമായ താമസ സാഹചര്യങ്ങൾ നൽകുന്നതാണ്. കുറഞ്ഞത്, കുടിവെള്ള ബോട്ടിൽ, ആവശ്യമായ വിശ്രമമുറികൾ, ആവശ്യമായ വെന്റിലേഷൻ, ഫയർ എക്സിറ്റുകൾ, അത്യാവശ്യ സുരക്ഷാ ഉപകരണം, അടിയന്തര സഹായ കിറ്റ്, അടിയന്തര മെഡിക്കൽ കെയറിലേക്ക് പ്രവേശനം, വൃത്തിയുള്ള ഡൈനിംഗ് ഏരിയ, ഉചിതമായ വെളിച്ചമുള്ള വർക്ക് സ്റ്റേഷനുകൾ എന്നിവ നൽകിയിരിക്കണം.

**10. ന്യായമായ നടപടിക്രമങ്ങളിൽ തൊഴിലാളികൾക്ക് പ്രവേശനം**

തൊഴിൽ ബന്ധത്തിന്റെ ഭാഗമായി ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് ദ്രുതവും നിഷ്പക്ഷവും ന്യായവുമായ പരിഹാരം നൽകുന്ന സുതാര്യവും ന്യായവും രഹസ്യാത്മകവുമായ നടപടിക്രമങ്ങൾ തൊഴിലാളികൾക്ക് നൽകുന്നതാണ്.

10.1 നടപടിക്രമങ്ങൾ (i) പരാതിപ്പെടുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനും ആവലാതികൾ പരിഹരിക്കുന്നതിനുമുള്ള ഫലപ്രദമായ, പ്രവേശനക്ഷമമായ ചാനലുകൾ നൽകുകയും (ii) വിഷയം പൂർണ്ണമായി അന്വേഷിക്കുകയും ദ്രുതവും പക്ഷപാത രഹിതവും ന്യായവുമായ പരിഹാരം നൽകുകയും ചെയ്യുന്നു.

10.2 ആവലാതി പ്രക്രിയയുടെ പ്രവർത്തന ചാനലുകൾ വ്യാപകമായി ആശയവിനിമയം നടത്തുകയും പരാതിക്കാരന്റെ രഹസ്യാത്മകത ഉറപ്പുവരുത്തുകയും (താൽപ്പര്യപ്പെടുന്നെങ്കിൽ) പ്രതികാരം വിലക്കുകയും ചെയ്യുന്നു.

**11. സുസ്ഥിരതയെ സ്വീകരിക്കുകയും പരിസ്ഥിതി ആഘാതം കുറയ്ക്കുകയും ചെയ്യുന്ന വിധത്തിൽ ബിസിനസ് നടത്തുന്നു**

പ്രവർത്തനങ്ങൾ, സോഴ്സിംഗ്, നിർമ്മാണം, ഉൽപ്പന്നങ്ങളുടെ വിതരണം, സേവനങ്ങളുടെ ലഭ്യമാക്കൽ എന്നിവ പരിസ്ഥിതിയെ സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെയും പാരിസ്ഥിതിക നിയമങ്ങളും നിയന്ത്രണങ്ങളും അനുസരിച്ചും നടത്തുന്നതാണ്.

11.1 ആവശ്യമായ എല്ലാ നിയമ അനുമതികളും സ്വീകരിച്ചുള്ള പ്രവർത്തനങ്ങളാകും നിർവഹിക്കുക.

11.2 ആവശ്യമായ എല്ലാ നിയമ അനുമതികളെ കുറിച്ചുള്ള അറിവ് നൽകുന്നതിനും അതനുസരിച്ച് പ്രവർത്തിക്കുന്നതിനും ഉദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നതാണ്.

11.3 നിയമ അനുയോജ്യത മാനേജുചെയ്യുന്നതിന് ഒരു ഫലപ്രദമായ പാരിസ്ഥിതിക മാനേജ്മെന്റ് പ്ലാൻ നടപ്പാക്കേണ്ടതുണ്ട്. അപകടകരമായ കെമിക്കലുകളുടെ ഉപയോഗം, പാഴ്വസ്തുക്കൾ, മലിന ജലം, വായു മലിനീകരണം; വെള്ളത്തിന്റെയും ഊർജ്ജത്തിന്റെയും ഉപയോഗം എന്നിവയിലേക്ക് മാത്രമായി ഇത് പരിമിതപ്പെടുത്തിയിട്ടില്ല.

**12. പുരോഗതിയും അനുയോജ്യതയും നിരീക്ഷിക്കൽ**

നിർമ്മാണ കേന്ദ്രങ്ങളിലെ അപ്രഖ്യാപിത ഓൺ-സൈറ്റ് പരിശോധനകൾ, തൊഴിലാളികളുടെ താമസ സൗകര്യം, തൊഴിലുമായി ബന്ധപ്പെട്ട ബുക്കുകളുടെയും രേഖകളുടെയും അവലോകനം, തൊഴിലാളികളുമായുള്ള സ്വകാര്യ അഭിമുഖങ്ങൾ എന്നിവ ഉൾപ്പെടെ ഈ പെറ്റുമാറ്റച്ചട്ടത്തിന്റെ അനുയോജ്യത സ്ഥിരീകരിക്കുന്നതിന് പ്രവർത്തനങ്ങളുടെ നിരീക്ഷണത്തിനായി തായ് യൂണിയൻ ഗ്രൂപ്പിനും സബ്സിഡിയറികൾക്കും അതിന്റെ നിയുക്ത ഏജന്റുമാർക്കും സപ്ലയർ അംഗീകാരം നൽകുന്നു. നിർമ്മാതാക്കൾ പെരുമാറ്റച്ചട്ടത്തോടുള്ള് അനുയോജ്യത പ്രദർശിപ്പിക്കുന്നതിന് ആവശ്യമായേക്കാവുന്ന എല്ലാ ഓൺ സൈറ്റ് പ്രമാണീകരണവും പരിപാലിക്കും.

B ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യൽ

ഈ പ്രൊവിഷനുകൾ തായ് യൂണിയൻ ഗ്രൂപ്പുമായി കരാറിലേർപ്പെടുന്ന എല്ലാ സപ്ലയർമാർക്കും ബാധകമാണ്. സപ്ലയർമാർക്ക് വേണ്ടി സപ്ലേകൾ നിർവഹിക്കുന്നവരും ഔട്ട്സോഴ്സർമാരും തായ് യൂണിയൻ ഗ്രൂപ്പിന് ഉൽപ്പന്നങ്ങൾ വിൽക്കുകയോ സേവനങ്ങൾ ലഭ്യമാക്കുകയോ ചെയ്യുന്ന ഉപ-സപ്ലയർമാരും അല്ലെങ്കിൽ ഔട്ട്സോഴ്സിംഗ് കമ്പനികളും ഈ വ്യവസ്ഥകൾ അനുസരിക്കുമെ
ന്നത് സപ്ലയർമാർ ഉറപ്പാക്കേണ്ടതാണ്.

1. സപ്ലയറുടെ അറിവിൽ പെടുന്ന ഈ പോളിസി അനുസരിക്കുന്നതിലെ ഏതൊരു പരാജയവും (തായ് യൂണിയൻ ഗ്രൂപ്പിന്റെ അല്ലെങ്കിൽ തായ് യൂണിയൻ ഗ്രൂപ്പിന് വേണ്ടി പ്രവർത്തിക്കുന്ന ഏതൊരാളുടെയും പരാജയം ഉൾപ്പെടുന്നു), തായ് യൂണിയൻ ഗ്രൂപ്പിന് ഉടനടി റിപ്പോർട്ട് ചെയ്യേണ്ടതാണ്. അങ്ങനെ ചെയ്യുന്നതിലുള്ള പരാജയം ഈ പെരുമാറ്റച്ചട്ടത്തിന്റെ ഒരു ലംഘനമായിരിക്കും.

2. യഥാർത്ഥത്തിലുള്ള അല്ലെങ്കിൽ സംശയകരമായ ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നവർക്കെതിരെ പ്രതികാരത്തിന്റെ ഏതെങ്കിലും ഭയപ്പാടില്ലാതെ സപ്ലയർമാരും തൊഴിലാളികളും സംസാരിക്കുന്ന ഒരു സംസ്കാരത്തെ ഞങ്ങൾ ശക്തമായി പിന്തുണയ്ക്കുന്നു.

3. ഉത്തമ വിശ്വാസത്തിൽ റിപ്പോർട്ട് ചെയ്ത ഏതെങ്കിലും അനുവർത്തനമില്ലായ്മയുടെ സന്ദർഭം തായ് യൂണിയൻ ഗ്രൂപ്പ് അന്വേഷിക്കുകയും കണ്ടെത്തലുകൾ സപ്ലയറുമായി ചർച്ച ചെയ്യുകയും ചെയ്യും. അത്തരത്തിലുള്ള ഏതൊരു അന്വേഷണത്തെയും സപ്ലയർ സഹായിക്കേണ്ടതും യുക്തിസഹമായി അഭ്യർത്ഥിക്കുന്ന ഏതൊരു വിവരവും ലഭ്യമാക്കേണ്ടതുമാണ്.

4. പരിഹാരം ആവശ്യമാവുകയാണെങ്കിൽ, സപ്ലയർ തായ് യൂണിയൻ ഗ്രൂപ്പിനെ അറിയിക്കുകയും വീഴ്ച ഫലപ്രദമായും സമയബന്ധിതമായും പരിഹരിക്കുന്നതിന് തിരുത്തൽ നടപടിക്കുള്ള പ്ലാൻ നടപ്പാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

5. സപ്ലയർമാരും അവരുടെ ജീവനക്കാരും അല്ലെങ്കിൽ കരാറുകാരും ഈ പെരുമാറ്റച്ചട്ടത്തിന്റെ യഥാർത്ഥത്തിലുള്ള അല്ലെങ്കിൽ സംശയിക്കുന്ന ലംഘനങ്ങൾ ഫോൺ വഴിയോ ഓൺലൈൻ വഴിയോ തായ് യൂണിയൻ ഗ്രൂപ്പിന് റിപ്പോർട്ട് ചെയ്തേക്കാം. റിപ്പോർട്ടുകൾ രഹസ്യാത്മകമായും അജ്ഞാതമായും സമർപ്പിക്കാനും സാധിക്കും (നിയമം

അനുവദിക്കുന്നയിടത്ത്).

ലംഘനങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ചാനലുകൾ ഇനിപ്പറയുന്നു:
ഡയറക്ടർ ഓഫ് സസ്റ്റെയിനബിൾ ഡെവലപ്പ്മെന്റ്
തായ് യൂണിയൻ ഗ്രൂപ്പ്
979/12ഫഹോലിയോതിൻ റോഡ്, സാംസെന്നൈ, ഫയാതൈ, ബാങ്കോക്ക്,
തായ്ലൻഡ്
ടെലിഫോൺ+ 66 (0)2-298-0024
ഫാക്സ്മൈൽ + 66 (0)2-298-0024

ഇമെയിൽ: laborCoC@thaiunion.co.th

പ്രോജക്റ്റ് ISSARA

തൊഴിൽ അവകാശങ്ങൾ, സർക്കാർ രജിസ്ട്രേഷൻ, പ്രക്രിയകൾ എന്നിവ സംബന്ധിച്ച് കുടിയേറ്റ തൊഴിലാളികൾക്കായുള്ള വിവരങ്ങൾ അല്ലെങ്കിൽ ഒരു കേസ് റിപ്പോർട്ട് ചെയ്യാൻ തായ്ലൻഡിൽ 24 മണിക്കൂർ ദേശീയ വർക്കർ ഓൺലൈൻ സഹായം അഭ്യർത്ഥിക്കുന്നതിന്:

മ്യാന്മാർ ഭാഷ: +66-80-456-5560

ലാവോ, തായ് ഭാഷ: +66-86-967-2891

ഖെമർ ഭാഷ: +66-86-968-6085

വെബ്: www.projectissara.org

6. ഈ പെരുമാറ്റച്ചട്ടം അനുസരിക്കുന്നതിൽ അല്ലെങ്കിൽ ശുപാർശ ചെയ്യുന്ന പരിഹാര നടപടിയിൽ വീഴ്ചവരുത്തുന്നത് സപ്ലയറുടെ കരാർ ശാശ്വതമായി നീക്കം ചെയ്യുന്നതിനും നിയമ നടപടിക്കും ഇടയാക്കും.

20 ഓഗസ്റ്റ് 2015-ൽ പ്രഖ്യാപിച്ചത്.

**ഒപ്പിടേണ്ടത്**

## സ്ഥിരീകരണവും അംഗീകാരവും

തായ് യൂണിയൻ ഗ്രൂപ്പ് ബിസിനസ് എത്തിക്സും തൊഴിൽ പെരുമാറ്റച്ചട്ടവും ഞാൻ പൂർണ്ണമായി വായിക്കുകയും മനസ്സിലാക്കുകയും ചെയ്തതായി ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു. എന്റെ കമ്പനിയുടെ ഒരു അംഗീകൃത പ്രതിനിധി എന്ന നിലയിൽ, ഞാനും എന്റെ കമ്പനിയും ഈ പെരുമാറ്റച്ചട്ടവും അതിലെ എല്ലാ തത്വങ്ങളും അനുസരിച്ച് പ്രവർത്തിക്കുന്നതുമാണെന്ന് ഇതിനാൽ പ്രസ്താവിക്കുന്നു.

**സപ്ലയർ:** ______________________________

വിലാസം: ______________________________

**പ്രതിനിധി:** ______________________________

**ഒപ്പ്:** ______________________________

തീയതി: ______________________________